കർഷകത്തൊഴിലാളി ക്ഷേമനിധി സംബന്ധിച്ച റിപ്പോർട്ട്

1048 [1554] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന ക്ഷേമനിധിയെക്കുറിച്ച് അന്വേഷിക്കുന്നതിന് ഏർപ്പെടുത്തിയ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകത്തൊഴിലാളികൾക്ക് ഒരു ഇൻഷുറൻസ് പെൻഷനാനുകൂല്യം പദ്ധതി നടപ്പിലാക്കാനാണ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ അംഗമാകാനുദ്ദേശിക്കുന്ന കർഷകത്തൊഴിലാളി പ്രതിമാസം 4 രൂപ നിരക്കിൽ നൽകേണ്ടതാണ്. ഗവൺമെൻറിൽനിന്നും പ്രതിവർഷം 4.40 കോടി രൂപ 2 കോടി സഹായധനമായും 2.40 കോടി രൂപ ലാൻഡ് സെസ് സായും) ഈ പദ്ധതിക്ക് നൽകണമെന്നാണ് ഉദ്ദേശം. മരണമടയുന്ന അംഗങ്ങൾക്ക് 5,000 രൂപായും അതുവരെ അടച്ച തുകയ്ക്ക് ആനുപാതികമായ ഒരു തുകയും നൽകുന്നതാണ്. 20-നും 58-നും ഇടയ്ക്ക് പ്രായമായവർക്ക് ടി പദ്ധതിയിൽ അംഗമാകാവുന്നതാണ്. അംഗമായി 40 കൊല്ലം തികയുമ്പോൾ (പെൻഷൻ പ്രായം 60) 50,000 രൂപ നൽകുന്നതാണ്.

കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിലെ ക്രമക്കേടുകൾ

1049 [1555] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളിപെൻഷൻ വിതരണത്തിൽ ക്രമക്കേടുകാണിച്ചതിനു ആരുടെയെങ്കിലും പേരിൽ കേസ് സെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ആളുകളുടെ പേരിൽ ?

ഉത്തരം

(എ) എല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കർഷകത്തൊഴിലാളി പെൻഷൻ ലഭിച്ച സ്ത്രീകളും പട്ടികജാതിക്കാരും

1050 [1556] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കർഷകത്തൊഴിലാളി പെൻഷൻ ലഭിച്ചവരിൽ സ്ത്രീകൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതിക്കാർ എത്ര ;

(സി) 1982-83-ൽ കർഷക തൊഴിലാളി പെൻഷൻ ലഭിച്ചവരിൽ സ്ത്രീകളും എത്ര ;

(ഡി) പട്ടികജാതിക്കാർ എത്ര ?

ഉത്തരം

(എ) 1,05,126
(ബി) 33,304
(സി) 50,754
(ഡി) 16,078

ലിബിയയിലേക്കു അയയ്ക്കുന്നതിനു ഡോക്ടർമാരിൽ നിന്നും ഈടാക്കിയ സർവ്വീസ് ചാർജ്

1051 [1557] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓവർസീസ് ഡവലപ്പ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൽട്ടൻസ് എന്ന സ്ഥാപനം എത്രനാളും മാസങ്ങൾക്കു മുമ്പ് ഡോക്ടർമാരിൽ നിന്നും 6000 രൂപ ലിബിയയിലേക്കു അയയ്ക്കുന്ന സർവ്വീസ് ചാർജായി വാങ്ങിയിട്ടുണ്ടോ ;

(ബി) ലിബിയയിലുണ്ടായ ബോംബാക്രമണത്തെത്തുടർന്നു പോകാൻ കഴിയാതിരുന്ന ഡോക്ടർമാർക്ക് ഈ തുക തിരിച്ച് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ തുക പലിശസഹിതം തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുകളിൽ പറഞ്ഞ തുകയിൽ 1,500 രൂപ എമിഗ്രേഷൻ ആക്ട് പ്രകാരം ഓരോ ഉദ്യോഗാർത്ഥിയിൽനിന്നും ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതും ബാക്കി തുക ഓരോ ഉദ്യോഗാർത്ഥിയുടെയും യാത്രയ്ക്കാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടി 'സർവ്വീസ് ചാർജായി' കമ്പനി ഈടാക്കിയിട്ടുള്ളതുമാണ്. ലിബിയായിലുണ്ടായ ബോംബാക്രമണത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങൾ കെട്ടടങ്ങിയതിനുശേഷം 'എക്സ്റേണൽ അഫയേഴ്സ് മിനിസ്ട്രിയുടെയും' ഇൻഡ്യാ ഗവൺമെന്റിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെയും' ക്ലിയറൻസ് കിട്ടിയതിനുശേഷമാണ് ഡോക്ടർമാരെ വീണ്ടും ലിബിയയിലേക്കു അയച്ചത്. അപ്പോൾ പോകാതിരുന്ന ഡോക്ടർമാരുടെ യാത്രക്കാവശ്യമായ മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിരുന്നതിനാലും അവരുടെ യാത്രയ്ക്കു കമ്പനിയുടെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും ഇല്ലാതിരുന്നതിനാലും ഇവരിൽ നിന്നും ഈടാക്കിയ തുക തിരിച്ച് നൽകേണ്ടതില്ലായെന്നു തീരുമാനിച്ചിരിക്കുകയാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly